ഒരു തടവുകാരന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ (അച്ഛൻ, അമ്മ, ഭാര്യ, മക്കൾ, സഹോദരങ്ങൾ, മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാവൻ) ഇവരുടെ മരണമോ അത്യാസന്ന നിലയിലുള്ള രോഗമോ ഉള്ള അവസ്ഥയിൽ അവരെ കാണുന്നതിനുവേണ്ടി ഒരു ഗവൺമെന്റ് സിവിൽ സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് പരമാവധി ഏഴു ദിവസംവരെയും തുടർന്നു വകുപ്പദ്ധ്യക്ഷൻ (സൂപ്രണ്ട് നൽകുന്ന 7 ദിവസം ഉൾപ്പെടെ) 10 ദിവസം വരെയും അടിയന്തിരാവധി നൽകി വരുന്നു.

തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ആഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിലൊരിയ്ക്കൽ 15 ദിവസത്തെ ഹോം ലീവ് അനുവദിക്കുന്നുണ്ട്.

(ഡി) 108 തടവുകാർ.

(ഇ) ഉണ്ട്. റിട്ട. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുകയും സമിതി ഇക്കാര്യം പഠിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു.

(എഫ്) ജയിലുകളിൽ ഇന്നു നൽകിവരുന്ന ഭക്ഷണക്രമത്തിന്റെ വിശദമായ ലിസ്റ്റ് അനുബന്ധമായി† ചേർത്തിരിക്കുന്നു. ജയിലുകളിൽ നിലവിലുള്ള ഭക്ഷണക്രമങ്ങളെക്കുറിച്ച് പഠിച്ച്, മെച്ചപ്പെട്ട ഭക്ഷണം ശുപാർശ ചെയ്യുന്നതിലേക്ക് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷയായി നിയമിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു.

<u>തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ</u>

99 [1574] <u>ശ്രീ. ബിനോയ്‌വിശ്വം</u> :

" <u>എൻ. രാജൻ</u> :

" <u>എം. കുമാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കണമെന്നുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ശുപാർശകൾ അംഗീകരിച്ചു നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കുന്നതു സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണയ്യർ കമ്മിറ്റിയുടെ ശുപാർശകൾ ചുവടെ കുറിക്കുന്നു:

1. തടവുകാരുടെ അടിയന്തിരാവധിയും സാധാരണ അവധിയും (ദേശസുരക്ഷാസംബന്ധമായ കുറ്റകൃത്യങ്ങൾ പ്രകാരം ശിക്ഷിയ്ക്കപ്പെട്ടിട്ടുള്ള തടവുകാർക്കൊഴികെ) അനുവദിക്കുന്നതിന് ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റിൽ സീരിയസ് എന്നതിനുപകരം ടെർമിനൽ ഇൽനെസ്സ് എന്നാക്കി മാറ്റുക.

2. ജയിൽ ചട്ടങ്ങളിലെ 452 (ബി. സി3) അനുസരിച്ച് പരമാവധി 45 ദിവസം വരെ അടിയന്തിര അവധി ദീർഘിപ്പിക്കുന്നതിനുള്ള ആഭ്യന്തര വകുപ്പുമന്ത്രിയുടെ അധികാരം സർക്കാരിനായിരിക്കും എന്നാക്കി മാറ്റുക.

3. പത്തു ദിവസം വരെ സാധാരണ അവധി അനുവദിക്കുന്നതിനുള്ള ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന്റെ അധികാരം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസണിൽ നിക്ഷിപ്തമായിരിക്കും എന്നാക്കി മാറ്റുക.

4. എൻ. ഡി. പി. എസ്. തടവുകാർക്കും സാധാരണ അവധി/അടിയന്തിര അവധി അനുവദിക്കേണ്ടതാണ് എന്ന ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജയിൽചട്ടങ്ങളിൽ ഭേദഗതി വരുത്തുക.

5. തടവുകാർക്ക് അനുവദിക്കുന്ന സാധാരണ അവധി, ജയിലിൽ കിടന്ന കാലയളവായി പരിഗണിയ്ക്കുക, 45 ദിവസത്തിൽ കൂടുതലുള്ള അടിയന്തിര അവധി, ജയിലിൽ കിടന്ന കാലയളവായി പരിഗണിക്കാതിരിക്കുക എന്നതിൻമേൽ ചട്ടങ്ങളിൽ ഭേദഗതിവരുത്തുക.

(ബി) ഈ ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly